# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുളക്കട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P11/1947/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 21/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളക്കട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P11/1947/2023 തീയ്യതി: 21/12/2023

## കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 18-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-11-2023 | 18-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. സജികുമാർ ജി, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)

ശ്രീമതി. ജയകുമാരി അമ്മ ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി. രാജശ്രീ സി. ആർ., ഓഡിറ്റർ

ശ്രീമതി.റജിന എ. എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ.പി.റ്റി.ഇന്ദുകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.സുജിത്ത് കുമാർ.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.രാജീവ്.എം | വെറ്ററിനറി സർജൻ | 01-04-2022 | 30-01-2023 |
| ഡോ ദീപ | വെറ്ററിനറി സർജൻ | 31-01-2023 | 31-03-2023 |
| ശ്രീമതി.ടെസ്സി റെയ്ച്ചൽ തോമസ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ശോഭ.കെ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.സാബു.ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 08-01-2023 |
| ഡോ. ഷീബ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 09-01-2023 | 31-03-2023 |
| ശ്രീ.ജോസ് പ്രകാശ്.റ്റി.ഐ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 23-04-2022 |
| ശ്രീമതി രാജി എം എൽ | അസിസ്റ്റന്റ് സെക്രട്ടറി | 24-04-2022 | 12-05-2022 |
| ശ്രീ. ജെ ഗിഫ്റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 13-05-2022 | 31-03-2023 |
| ശ്രീമതി.വത്സലകുമാരി രാഗി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ലക്ഷ്മി എം | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 21-06-2022 |
| ഡോ ശ്രീജ ഒ കെ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 21-06-2022 | 26-12-2022 |
| ഡോ ജയ പി ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 26-12-2022 | 08-03-2023 |
| ഡോ ഹരികുമാർ നമ്പൂതിരി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 08-03-2023 | 31-03-2023 |
| ശ്രീമതി.പ്രീത | അസി. എഞ്ചിനീയർ, | 01-04-2022 | 06-10-2022 |
| ശ്രീ ജയകുമാർ | അസി. എഞ്ചിനീയർ, | 06-10-2022 | 31-03-2023 |
| ശ്രീമതി താര | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബിന്ദു എസ് ആർ | അസി. എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് | 01-04-2022 | 31-03-2023 |
| ശ്രീ. മുരളി. എം. പിള്ള | വി.ഇ.ഒ. 1 | 01-04-2022 | 31-03-2023 |
| ശ്രീമതി ദീപ പി എസ് | വി.ഇ.ഒ. 2 | 01-04-2022 | 31-03-2023 |
| ശ്രീ വർഗ്ഗീസ് മൈക്കിൾ | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ഉദയകുമാർ എൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1.01 |
| 3 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല. | 1-1.02 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1.03 |
| 5 | CFC- Tied & Untied ചെലവുതുക സുലേഖാ സ്റ്റേറ്റ്മെന്റ്, വാർഷികധനകാര്യപത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.04 |
| 6 | CFC-Tied വരവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.05 |
| 7 | ശുചിത്വമിഷൻ ചെലവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1.06 |
| 8 | വാർഷികകണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ ഹാജരാക്കിയില്ല | 1-1.07 |
| 9 | ചെക്കു തുകകൾ ക്രഡിറ്റായിട്ടില്ല. | 1-1.08 |
| 10 | നിക്ഷേപസർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. | 1-1.09 |
| 11 | റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. | 1-1.10 |
| 12 | നിക്ഷേപ പ്രവൃത്തിക്കു നൽകിയ തുകയുടെ വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1.11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 18 | ക്ഷേമ പദ്ധതികൾ | 1-7 |
| 19 | ക്യാഷ് പരിശോധന | 1-8 |
| 20 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 21 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 22 | റോഡിന്റെ തരം തെറ്റായി നല്കി വസ്തു നികുതിയിൽ ഇളവ് അനുവദിച്ചു. | 1-11 |
| 23 | എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ വസ്തു നികുതി പൂർണമായും നിർണ്ണയിച്ചില്ല | 1-12 |
| 24 | വസ്തുനികുതി പരിഷ്കരണം -2023-24 | 1-13 |
| 25 | കെട്ടിടങ്ങൾക്ക് തെറ്റായ ഗണം നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി | 1-14 |
| 26 | ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല | 1-15 |
| 27 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകത | 1-16 |
| 28 | തനതുവരുമാന വർദ്ധനവ്- സേവന ഉപനികുതി ഈടാക്കാവുന്നതാണ് | 1-17 |
| 29 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല | 1-18 |
| 30 | പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല | 1-19 |
| 31 | പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു. | 1-20 |
| 32 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-21 |
| 33 | Compensation For Delay/Liquidated Charges ഈടാക്കിയിട്ടില്ല | 1-22 |
| 34 | എസ്സ് എസ്സ് കെ   വിഹിതം നല്കൽ, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-23 |
| 35 | കലയപുരത്തെ പുലമൺ തോടിന് സംരക്ഷണ ഭിത്തി - നിർമ്മാണം പൂർത്തീകരിച്ചില്ല | 1-24 |
| 36 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-25 |
| 37 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-26 |
| 38 | അനുമതി സാക്ഷ്യപത്രമില്ലാതെ വിവാഹധനസഹായം നൽകി | 1-27 |

| | | |
|---|---|---|
| 39 | ഹരിതകർമ്മസേന - പ്രവർത്തന അവലോകനം | 1-28 |
| 40 | മരം മുറിച്ച തുക തിരികെ ലഭ്യമായില്ല | 1-29 |
| 41 | MCF ലേക്ക് പ്ലാസ്റ്റിക് വേസ്റ്റ് നീക്കം ചെയ്യൽ - ക്വട്ടേഷൻ ക്ഷണിക്കാതെ വാഹനവാടക അനുവദിച്ചു | 1-30 |
| 42 | ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല. | 1-31 |
| 43 | മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ | 1-32 |
| 44 | മരുന്നുകൾ, പാലിയേറ്റീവ് ഉപകരണങ്ങൾ എന്നിവ പൂർണമായും ലഭ്യമായില്ല. | 1-33 |
| 45 | ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായില്ല. | 1-34 |
| 46 | വയോജനങ്ങൾക്ക് കട്ടിൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-35 |
| 47 | ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നില്ല | 1-36 |
| 48 | ലൈഫ് ഭവന പദ്ധതി - ഭൂമി രജിസ്ട്രേഷന് അധികം തുക ചെലവഴിച്ചു. | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു. | 3-1 |
| 2 | ലൈഫ് ഭവന പദ്ധതിക്ക് ഭൂമി രജിസ്ട്രേഷന് അധികം തുക ചെലവഴിച്ചു. | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തിക്കു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 22.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 9(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 22.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം**

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1.01 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1.02 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ Web Saankhya ACR ൽ നിന്നും ഒഴിവാക്കിയില്ല.

| ഫണ്ടിനം | പ്രോജക്ട് നം. | തുക (രൂപ) |
|---|---|---|
| വികസനഫണ്ട് | 147/23 | 28,000 |
| | 149/23 | 1,05,000 |
| | 149/23 | 28,000 |
| | 149/23 | 21,000 |

| | | |
|---|---|---|
| | 280/23 | 4,00,000 |
| | 123/23 | 3,00,000 |
| | 145/23 | 1,54,000 |
| | 204/23 | 2,00,000 |
| | 3/23 | 6,19,966 |
| മെയി.ഫണ്ട്-റോഡ് | 96/23 | 3,57,031 |
| | 239/23 | 3,37,581 |
| | 90/23 | 58,705 |
| | 298/23 | 92,911 |
| | 95/23 | 4,18,995 |
| വികസനഫണ്ട്-scp | 177/23 | 2,00,000 |
| മെയി.ഫണ്ട്-നോൺ റോഡ് | 212/23 | 1,57,411 |
| | 114/23 | 1,07,407 |
| | 245/23 | 2,01,109 |
| | 266/23 | 99,926 |
| | 236/23 | 1,55,268 |
| | 208/23 | 37,886 |
| | 259/23 | 134,186 |
| CFC-Tied | 19/23 | 2,81,262 |

**1-1.03 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.**

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = 24,87,188 /- രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 40 (A) - 40 (B) = 46,21,566/- രൂപ

**1-1.04 CFC- Tied & Untied ചെലവുതുക സുലേഖാ സ്റ്റേറ്റ്മെന്റ്, വാർഷികധനകാര്യപത്രിക എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.**

ACR പ്രകാരം - 94,52,895/- രൂപ

സുലേഖാ പ്രകാരം - 91,71,633/- രൂപ

AFS പ്രകാരം - 92,50,209/- രൂപ

**1-1.05 CFC-Tied വരവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

ACR പ്രകാരം - 55,74,000/- രൂപ

AFS പ്രകാരം - 55,92,680/- രൂപ

**1-1.06 ശുചിത്വമിഷൻ ചെലവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

AFS പ്രകാരം - 22,14,574/- രൂപ

രജിസ്റ്റർ പ്രകാരം - 25,37,956/- രൂപ

**1-1.07 വാർഷികകണക്കിലെ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ ഹാജരാക്കിയില്ല**

ലോൺ റീപേയ്മെന്റ് രജിസ്റ്റർ

### 1-1.08 ചെക്കു തുകകൾ ക്രഡിറ്റായിട്ടില്ല.

LGTSB-Own Fund Sub Treasury (A/C No. 799013000001034) അക്കൗണ്ടിൽ Cheque Deposited But Not Cleared ഇനത്തിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന ചെക്കു തുകകൾ പണമാക്കാൻ കഴിയാത്തവയാണ്.

| ചെക്ക് നം./തീയതി | തുക (രൂപ) |
|---|---|
| 7625874/31.3.21 | 10,750/- |
| 324705/31.3.21 | 11,250/- |
| 3866659/31.3.21 | 53,250/- |
| 7625354/31.3.21 | 3,500/- |

### 1-1.09 നിക്ഷേപസർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

KDCB- സ്ഥിരനിക്ഷേപം ഇനത്തിൽ നീക്കിയിരുപ്പുള്ള 5,000/- രൂപയുടെ നിക്ഷേപ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല.

### 1-1.10 റീക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് ഹാജരാക്കിയില്ല.

A/C നം. 57029749080, A/C നം. 57024525995 എന്നീ അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് ഹാജരാക്കിയില്ല.

### 1-1.11 നിക്ഷേപ പ്രവൃത്തിക്കു നൽകിയ തുകയുടെ വിവരം വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

തൻവർഷം നിക്ഷേപ പ്രവൃത്തിക്കു നൽകിയ തുകയുടെ വിവരം (ഖ. 4-3 പ്രകാരമുള്ളത്) വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 1-2 ബജറ്റ്

25/03/2022 ലെ I (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,79,17,774/- രൂപ |
| വരവ് | 5,50,94,929/- രൂപ |
| ആകെ | 8,30,12,703/- രൂപ |
| ചെലവ് | 5,97,16,495/- രൂപ |
| നീക്കിയിരിപ്പ് | 2,32,96,208/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം /നിരാകരിക്കുന്ന തുക | 93,298/- രൂപ |
| തടസ്സപ്പെടുത്തിയ തുക | 39,13,675/- രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 24770000 | 24770000 | 24228274 | 541726 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 12733000 | 12733000 | 10821405 | 1911595 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | - | - | - | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 19513000 | 19513000 | 9757239 | 9755761 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 7487000 | 7487000 | 5892867 | 1594133 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്( Tied-Bank) (ACR പ്രകാരം) | 2548050 | 5574000* | 8122050 | 3374890 | 4747160 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 275364 | 3877100 | 4152464 | 3715899 | 436565 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury) (ACR പ്രകാരം) | - | 3407838 | 3407838 | 2019620 | 1388218 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | - | 294681 | 294681 | 139800 | 154881 |
| സാക്ഷരത | 1263 | 100 | 1363 | 59 | 1304 |
| ദുരിതാശ്വാസനിധി | 33482 | 1338 | 34820 | | 34820 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)ICDS | -629918 | 1885226 | 1255308 | 723492 | 531816 |
| TSC | 1041713 | - | 1041713 | - | 1041713 |
| MGNREGS | 64061 | 1281559 | 1345620 | 1342626 | 2994 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) ലൈഫ് -സ്റ്റേറ്റ് ഷെയർ | - | 4300000 | 4300000 | 3797608 | 502392 |
| ശുചിത്വമിഷൻ | 1956363 | 618593 | 2574956 | 2537956 | 37000 |
| Health Grant Towards Conversion Of PHCs And Subcenters Into Health And Wellness Centres | - | 271772 | 271772 | - | 271772 |
| Fund For Transferred Institutions - Social Justice Capital - 320200205 | 58000 | - | 58000 | - | 58000 |
| ഹെൽത്ത് ഗ്രാന്റ് | - | 448680 | 448680 | 290727 | 157953 |
| Grants Funds And Contributions For Specific Purpose | 763700 | - | 763700 | - | 763700 |
| Grants Funds And Contributions - Other Financial Institutions | - | 1458100 | 1458100 | 1008100 | 450000 |
| Grants For Solid Waste Management | 889 | 0 | 889 | 0 | 889 |

* GO(Rt)No.4870/22/Fin/04.07.2022, GO(Rt)No.7532/22/Fin/08.11.2022 എന്നിവ പ്രകാരം സി.എഫ്.സി ടൈഡ് ഫണ്ട് ആയി ആകെ അനുവദിച്ച തുക 55,74,000/- രൂപയാണ്. വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 55,92,680/- രൂപയാണ്.

1) വികസനഫണ്ട് - ജനറൽ ചെലവ് ACR പ്രകാരം 2,18,17,625/- രൂപയാണ്. ഡിഡക്ഷൻ തുക ഉൾപ്പെടെ ചെലവ് 2,42,28,274/- രൂപയിൽ ഖ.1-1.2 ൽ സൂചിപ്പിച്ചിട്ടുള്ള 18,55,966/- രൂപയുടെ ബില്ലുകൾ ട്രഷറിയിൽ നിന്നും പേയ്മെന്റ് ആകാത്തവയാണ്. സുലേഖ പ്രകാരം ചെലവ് 2,21,87,061/- രൂപയാണ്. 1,85,247/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 266 | 18,47,69,640/- | 193 | 8,96,16,040/- | 72 | 73 | 72.55% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ₹ | | | | ₹ |
| ഭരണചെലവുകൾ | 64,061 | 12,44,108 | 13,08,169 | 13,05,175 | 2,994 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 4,69,66,370 | 4,69,66,370 | 4,69,66,370 | - |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 96,000/- |
| കർഷകതൊഴിലാളി പെൻഷൻ | 14,54,800/- |
| വിധവാപെൻഷൻ | 1,51,96,700/- |
| വാർദ്ധക്യകാലപെൻഷൻ | 3,21,39,900/- |
| വികലാംഗപെൻഷൻ | 48,35,600/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 9,20,000/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 2,40,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 21192/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ILGMS മുഖേന വരവുകൾ സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട്.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.

നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2023-24 ലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ഫീൽഡ് സർവ്വെ നടപ്പിലാക്കുമ്പോൾ മേഖലാ നിർണ്ണയം, റോഡിന്റെ തരം, ഗണം എന്നിവ കൃത്യമായി രേഖപ്പെടുത്താതെ വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുവാനും, പരമാവധി പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം അവലംബിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റി വികസനകാര്യ സ്ഥിരം സമിതി എന്നിവരുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/01/2023 | 10/2022 – 31/2022 | 30/01/2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2021 | 2015-16 – 2019-20 | 12.03.2021 |

## 1-11 റോഡിന്റെ തരം തെറ്റായി നല്കി വസ്തു നികുതിയിൽ ഇളവ് അനുവദിച്ചു.

8-ാം വാർഡിലെ ശ്രീ. മോഹൻപിള്ള, ശ്രീ. ബോസ് എന്നിവരുടെ 129.06 ച. മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് 8/848, 8/849, 8/850, 8/851, 8/852, 8/853, എന്നീ നമ്പരുകൾ അനുവദിച്ചിരിക്കുന്നു. 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ (പൂവറ്റൂർ - പുത്തൂർ മുക്ക്) വശങ്ങളിൽ സ്ഥിതി ചെയ്യുന്ന മേൽ കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ, 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. കൂടാതെ രണ്ട് നിലകൾ മാത്രമുള്ള കെട്ടിടത്തിന് രണ്ടാം നിലയ്ക്ക് മൂന്നാം നില എന്ന് സഞ്ചയയിൽ കാണിച്ച് ബഹുനിലകെട്ടിടത്തിന് നൽകുന്ന 15 ശതമാനം ഇളവ് നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് വിവരം<br>കെട്ടിട നമ്പർ | കണക്കാക്കിയ വസ്തുനികുതി | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി | വസ്തു നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|---|
| ശ്രീ. മോഹൻപിള്ള & ശ്രീ. ബോസ്<br>8/848, 8/851<br>$43.02m^2$ X 30<br>പ്രഥമ മേഖല | അടിസ്ഥാന വസ്തുനികുതി - 1291/-<br>............................<br>ആകെ – 1356/-<br>(LC ഉൾപ്പെടെ) | 1. അടിസ്ഥാന വസ്തുനികുതി - 1291/-<br>2. വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% (+) 258/-<br>............................<br>ആകെ – 1627/-<br>(LC ഉൾപ്പെടെ) | 271/-<br>(5% LC ഉൾപ്പെടെ) |
| 8/849, 8/852<br>$43.02m^2$ X 30<br>പ്രഥമ മേഖല | അടിസ്ഥാന വസ്തുനികുതി - 1291/-<br>2. ബഹുനില കെട്ടിടത്തിന്റെ ഇളവ് (ഒന്നാം നില) – 65/-<br>..........................<br>ആകെ - 1287/-<br>(LC ഉൾപ്പെടെ) | 1. അടിസ്ഥാന വസ്തുനികുതി - 1291/-<br>2. വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% (+) 258/-<br>3. ബഹുനില കെട്ടിടത്തിന്റെ ഇളവ് (ഒന്നാം നില-5%) – 78/-<br>...........................<br>ആകെ – 1545/-<br>(LC ഉൾപ്പെടെ) | 258/-<br>(5% LC ഉൾപ്പെടെ) |
| 8/850, 8/853<br>$43.02m^2$ X 30<br>പ്രഥമ മേഖല | 1. അടിസ്ഥാന വസ്തുനികുതി - 1291/-<br>2. ബഹുനില കെട്ടിടത്തിന്റെ ഇളവ് (മൂന്നാം നില 15%) – 194/-<br>.........................<br>ആകെ – 1152/-<br>.(LCഉൾപ്പെടെ) | 1. അടിസ്ഥാന വസ്തുനികുതി - 1291/-<br>2. വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% (+) 258/-<br>3. ബഹുനില കെട്ടിടത്തിന്റെ ഇളവ് (രണ്ടാം നില10%) – 155/-<br>...........................<br>ആകെ – 1464/-<br>(LCഉൾപ്പെടെ) | 312/-<br>(5% LC ഉൾപ്പെടെ) |
| ആകെ വസ്തുനികുതിയിൽ കുറവുണ്ടായ തുക | | | 841/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി പുനർ നിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതും സമാനമായി പഞ്ചായത്ത് പരിധിയിൽ റോഡിന്റെ തരം തെറ്റായി നല്കി വസ്തു നികുതിയിന്മേൽ ഇളവു

അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 9/17.11.2023

**1-12 എക്സിസ്റ്റിംഗ് ബിൽഡിംഗിന്റെ വസ്തു നികുതി പൂർണമായും നിർണ്ണയിച്ചില്ല**

18-ാം വാർഡിലെ ശ്രീ. ഭാനു, ഉദയവിലാസം എന്ന വ്യക്തിയുടെ 336.81 ച.മീറ്റർ വിസതീർണ്ണം ഉള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് 18/1025 എന്ന നമ്പർ അനുവദിച്ചിരിക്കുന്നു. എന്നാൽ അസിസ്റ്റൻറ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയ നിലവിലുള്ള കെട്ടിടത്തിന്റെ പൊളിച്ചു മാറ്റപ്പെട്ട ഭാഗത്തിന്റെ ഏരിയ കുറവ് ചെയ്ത് ഹാജരാക്കിയ കംപ്ലീഷൻ പ്ലാൻ പ്രകാരം 655.53 ച.മി (GF-267.85ച.മി + FF 267.85ച.മി+ SF 119.83ച.മി) ഉള്ള എക്സിസ്റ്റിംഗ് ബിൽഡിംഗ് നിലനിൽക്കുന്നുണ്ട്. അപേക്ഷകന്റെ പേരിൽ നിലവിലുള്ള ബിൽഡിംഗിന്റെ വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചപ്പോൾ 18/646 (340ച.മി GF), 18/647 (260ച.മി GF) എന്നീ വിവരങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. കംപ്ലീഷൻ പ്ലാനിൽ ഉൾപ്പെട്ട GF-267.85ച.മി, FF 267.85ച.മി, SF 119.83ച.മി (ആകെ 655.53 ച.മി) എന്നീ വിസ്തീർണ്ണങ്ങളിലുള്ള കെട്ടിടത്തിന്റെ വിവരം സഞ്ചയയിൽ കൃത്യമായി ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും സ്ഥല പരിശോധന നടത്തി മേൽ വാണിജ്യ കെട്ടിടത്തിന് ചട്ടപ്രകാരം നികുതി പുനർ നിർണയിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 9/17.11.2023**

**1-13 വസ്തുനികുതി പരിഷ്കരണം -2023-24**

സ.ഉ(കൈ)നം.77/2023/തസ്വഭവ തീയതി 22.03.2023-ലെ സർക്കാർ ഉത്തരവ് പ്രകാരം 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 27.05.2023-ലെ 3(I)-ാം നമ്പർ ശുപാർശ 24.07.2023 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 2(I)-ാം തീരുമാനം അംഗീകരിച്ച് അന്തിമ നിരക്കുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും ആയത് നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വികസനസ്ഥിതി മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം നടത്തുന്നതിന് 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. കൂടാതെ കെട്ടിട നികുതി നിർണ്ണയം സഞ്ചയയിൽ പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ

സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ, 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾ, നടപ്പാത എന്ന് രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. 2023-24 ലെ വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച ഫീൽഡ് സർവ്വെ നടപ്പിലാക്കുമ്പോൾ മേഖലാ നിർണ്ണയം, റോഡിന്റെ തരം, ഗണം എന്നിവ കൃത്യമായി രേഖപ്പെടുത്താതെ വസ്തുനികുതി ഇളവ് നൽകിയിട്ടുണ്ടെങ്കിൽ ആയത് ക്രമപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 4/15.11.2023**

## 1-14 കെട്ടിടങ്ങൾക്ക് തെറ്റായ ഗണം നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകി

വസ്തു നികുതി നിർണ്ണയം സഞ്ചയയിൽ പരിശോധിച്ചതിൽ കെട്ടിടങ്ങൾക്ക് തെറ്റായ ഗണം നല്കി അടിസ്ഥാന വസ്തു നികുതിയിന്മേൽ ഇളവു നൽകിയിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടത്തിന്റെ വിവരം | സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഗണം | കെട്ടിടം ഉൾപ്പെടുത്തേണ്ടിയിരുന്ന ഗണം |
|---|---|---|---|
| 1 | XVIII/129, 130<br>276 ച. മീ. (171 +105) | 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ | 200 ചതുരശ്ര മീറ്റർ വരെ കൂടുതൽ തറ വിസ്തീർണമുള്ള സൂപ്പർമാർക്കറ്റുകൾ |
| 2 | IX/624<br>(181 ച. മി) | 100 എം സ്ക്വയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ | 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ |
| 3 | IX/860, 861<br>(103.6 ച. മി, 116.8 ച. മി) | 100 എം സ്ക്വയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ | 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ |
| 4 | IX/509<br>(72 ച. മി) | പാർപ്പിടാവശ്യം | 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ (Hardware, Paint, Cement) |
| 5 | IX/513<br>(34 ച. മി) | പാർപ്പിടാവശ്യം | 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ (Hardware, Paint, Cement) |
| 6 | IX/750<br>(105.36 ച. മി,) | 100 എം സ്ക്വയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ | 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ |
| 7 | XVIII/525,540<br>165ച. മീ.<br>(95ച. മീ. + 70ച. മീ.) | പാർപ്പിടാവശ്യം<br>(വഴി സൌകര്യം- നടപ്പാത) | 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ (വസ്ത്ര വ്യാപാരം) |
| 8 | VI/286<br>128ച. മീ. | 100 എം സ്ക്വയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ | ഓഫീസ് ആവശ്യത്തിനുള്ളവ |
| 9 | IX/137<br>20ച. മീ. | 100 എം സ്ക്വയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ | ഓഫീസ് ആവശ്യത്തിനുള്ളവ |
| 10 | XVIII/678<br>41ച. മീ. | പാർപ്പിടാവശ്യം | 100 എം സ്ക്വയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ (സ്റ്റേഷനറി വ്യാപാരം) |
| 11 | XVIII/534<br>47ച. മീ. | 100 എം സ്ക്വയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ | ഓഫീസ് ആവശ്യത്തിനുള്ളവ |

| | | | |
|---|---|---|---|
| 12 | XIV/642<br>41.77ച. മീ. | 100 എം സ്ക്വയർ വരെ തറവിസ്തീർണ്ണമുള്ള റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ | ഓഫീസ് ആവശ്യത്തിനുള്ളവ |
| 13 | II/558<br>216ച. മീ. | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ<br>(Hardware, സാധനങ്ങളുടെ വിതരണം) |
| 14 | XVIII/553<br>225ച. മീ. | പാർപ്പിടാവശ്യം | ഓഫീസ് ആവശ്യത്തിനുള്ളവ |

തെറ്റായ ഗണം നല്കി വസ്തു നികുതിയിന്മേൽ ഇളവു നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സ്ഥലപരിശോധന നടത്തി മേൽ കെട്ടിടങ്ങൾക്ക് വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും 2013ന് ശേഷം ഘടനാപരമായ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ സർക്കാർ ഉത്തരവ് എം.എസ് നമ്പർ.358/15.തസ്വഭവ തീയതി 16.12.2015 പ്രകാരം പുതിയ കെട്ടിടമായി പരിഗണിച്ച് കൂട്ടിചേർത്ത ഭാഗത്തിന് പുതിയ ചട്ടപ്രകാരമുള്ള നികുതി ഈടാക്കേണ്ടതും, ശരിയായ ഗണത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. സമാന രീതിയിൽ തെറ്റായ ഗണം നല്കി വസ്തു നികുതിയിൽ ഇളവു അനുവദിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. 5/15.11.2023**

**1-15 ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയില്ല**

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1- ജീവനക്കാരുടെ തൊഴിൽ നികുതി**

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ദേവസ്വം വെണ്ടാർ ക്ഷേത്രം | I, II |
| 2 | കലയപുരം വില്ലേജ് ഓഫീസ് | I |
| 3 | പുവറ്റൂർ മിൽക്ക് സൊസൈറ്റി | I, II |

**2- സ്ഥാപന തൊഴിൽ നികുതി**

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മാവേലി സ്റ്റോർ | I |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു, എന്നിരിക്കെ മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നമ്പർ 1, 2, 3 എന്നിവയിൽപ്പെട്ടവരുടെ പേരിൽ RR നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, മാവേലി സ്റ്റോർ സ്ഥാപന തൊഴിൽ നികുതി അടവാക്കാമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന്റെ തുടർനടപടികൾ അറിയിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 3/15.11.2023**

**1-16 ലൈസൻസ് അനുവദിക്കുന്നതിലെ അപാകത**

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ തൻവർഷം ആകെ 540 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഹരിതകർമ്മസേനയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് IRTC സമർപ്പിച്ച റിപ്പോർട്ടിൽ ആകെ 800 സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന 260 സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച തുടർനടപടി വിവരങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലൈസൻസ് എടുക്കാത്ത 260 കടകളിൽ നിന്നും ലൈസൻസ് തുകയും ബന്ധപ്പെട്ട നികുതികളും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി)നം.80/2017, എസ്.ആർ.ഒ. നം. 674/2017 വിജ്ഞാപനം ) പ്രകാരം ലൈസൻസ് നൽകുന്നതിനുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 6/16.11.2023**

## 1-17 തനതുവരുമാന വർദ്ധനവ്- സേവന ഉപനികുതി ഈടാക്കാവുന്നതാണ്

എല്ലാ കെട്ടിട ഉടമകളും പഞ്ചായത്ത് നൽകുന്ന എല്ലാ സേവനങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിലും നിലവിൽ ഗ്രാമപ്പഞ്ചായത്തിൽ സേവന ഉപനികുതി പിരിക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഏതൊരു കെട്ടിടത്തിന്റെയും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് ചട്ടം 27പ്രകാരമുള്ള നിരക്കിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സേവനങ്ങൾക്കായി ഗ്രാമപ്പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ കെ.പി.ആർ. ആക്ട് 207(1) പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെ എല്ലാ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിലൂടെ വരുമാന വർദ്ധനവിന്റെ സാധ്യത ഗ്രാമപ്പഞ്ചായത്ത് പരിശോധിക്കുന്നില്ല. കൂടാതെ വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ് ആയതിനാൽ സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ സ്വീകരിക്കാവുന്നതാണ്.

## 1-18 ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല

വി.ഇ.ഒ. നിർവ്വഹണഉദ്യോഗസ്ഥനായി ഭവനനിർമ്മാണത്തിനായി 2020-21 ൽ പ്രോജക്റ്റ് നം. 261/21 പ്രകാരം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതു വരെയും നിർമ്മാണം പൂർത്തിയാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പേര് | കരാർ വെച്ച തീയതി | ബിൽ നം. | കൈപ്പറ്റിയ തുക ₹ |
|---|---|---|---|
| ശ്രീ. സന്തോഷ് കുമാർ, കളീക്കൽ പടിഞ്ഞാറ്റതിൽ, കുറ്ററ | 29.01.2020 | 2/16.7.20 | 40,000 |
| | | 7/14.08.20 | 1,60,000 |
| | | 19/11.12.21 | 1,60,000 |
| ശ്രീ. വിനയൻ, പുന്നപ്പള്ളിക്കാല, ഏറത്ത് കുളക്കട | 31.01.2020 | 2/16.07.20 | 40,000 |
| | | 18/28.10.20 | 1,60,000 |
| | | 28/27.01.21 | 1,60,000 |

ഭവന നിർമ്മാണം നാളിതു വരെയും പൂർത്തിയാക്കാത്ത സാഹചര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക തിരികെ ഈടാക്കുന്നതിന് 17.04.23 ലെ

3(4)-ാം നമ്പർ തീരുമാനപ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി.

ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും അല്ലാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ് .

**ഓഡിറ്റ് എൻക്വയറി നം. 1/14.11.23**

**1-19 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| അസി. സെക്രട്ടറി | എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി. (S0152/23) | വികസന ഫണ്ട് (എസ്.സി.പി. ) – 20,00,000 | വികസന ഫണ്ട് (എസ്.സി.പി. ) – 5,25,000 |

എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കി അവസാന ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | അശ്വനി ദേവ്, പാലന്റഴികത്ത് താഴതിൽ വെണ്ടാർ | 50,000, ബിൽ നം. 29/16.02.23 |
| 2 | അമൃത കൃഷ്ണൻ, വട്ടവിള മേലതിൽ, വെണ്ടാർ | 50,000, ബിൽ നം. 43/21.03.23 |

നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം പ്രവൃത്തി പൂർത്തീകരിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 13/17.11.23**

**1-20 പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു.**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| അസി. സെക്രട്ടറി | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. (S0173/23) | വികസന ഫണ്ട് (എസ്.സി.പി. ) – 2,00,000/- രൂപ | വികസന ഫണ്ട് (എസ്.സി.പി. ) – 1,90,000/- രൂപ |

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം പ്ലസ് വൺ വിദ്യാർത്ഥിനിയായ നയന സുന്ദർ, നയനം, വെണ്ടാർ എന്ന വിദ്യാർത്ഥിനിയ്ക്ക് ബിൽനം. 48/31.03.23 പ്രകാരം 10,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 28.05.22 ലെ സ.ഉ.(കൈ)നം. 115/22 ത.സ്വ.ഭ.വ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 പ്രകാരം സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ വിഭാഗത്തിൽ പ്ലസ് വൺ, പ്ലസ് ടു, വിദ്യാർത്ഥികൾ ഉൾപ്പെടുന്നില്ല. ഉത്തരവിന് വിരുദ്ധമായി സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയ ഇനത്തിൽ 10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം. 18 /17.11.23**

**നിരാകരിക്കുന്ന തുക – 10,000/- രൂപ**

**1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.**

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി (S0153/23) 122 കന്നുകുട്ടികൾക്കുള്ള വിഹിതമായി 15,25,000/- രൂപ ബിൽ നം. 5/6.1.23 പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ,

കാഫ് ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്ക വരുത്തിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കുന്നതിനായി അറിയിച്ചപ്പോൾ 8,01,441/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി. ശേഷിക്കുന്ന 7,23,559/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. സബ്സിഡി തുക പൂർണ്ണമായും വിനിയോഗിക്കുന്നതു വരെ 7,23,559/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക പൂർണ്ണമായും ചെലവഴിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

**എൻക്വയറിനം. 16/17.11.23**

**തടസ്സപ്പെടുത്തിയ തുക - 7,23,559/- രൂപ**

## 1-22 Compensation For Delay/Liquidated Charges ഈടാക്കിയിട്ടില്ല

കരാറുകാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത പ്രവൃത്തികളിൽ Kerala Public Work Manual 2012 (G.O.(P) No 13/2012/PWD, Dt 01-02-2012) സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges (പി.എ.സി. തുകയുടെ 0.1% തുക വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക അന്തിമ ബില്ലിൽനിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക നല്കുവാൻ അനുവാദമുള്ളൂ. താഴെകൊടുത്തിട്ടുള്ള പ്രവൃത്തികളുടെ ഫയൽപരിശോധിച്ചതിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി കൃത്യമായ കാരണങ്ങൾ രേഖപ്പെടുത്തി കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ച് നല്കിയതായി കാണുന്നില്ല. അവസാന ബിൽ നല്കിയപ്പോൾ ചട്ട പ്രകാരമുള്ള പിഴ ഈടാക്കിയിട്ടുമില്ല.

(1)

| | |
|---|---|
| പ്രോജക്ട് | ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ്(103/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 6,00,000/- രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ. ജി. വി. അനിൽകുമാർ |
| കരാർ | 69/AE/LSGD/KDA/2021-22/ 25-03-2022 |
| അന്തിമ ബിൽ തുക | 1,33,678/- രൂപ, ബിൽ നം. 32 തീ. 20-01-2023 |
| കരാർ തുക | 5,07,934/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 3 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 31-03-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 29-11-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 30-06-2022 |
| വൈകിയ കാലയളവ് | 152 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (507934X.1%X152/7) = 11,029/- രൂപ |
| ഈടാക്കിയ പിഴ | |
| ഈടാക്കിയതിൽകുറവ് വന്ന തുക | 11,029/- രൂപ |

(2)

| | |
|---|---|
| പ്രോജക്ട് | ഏറത്തുകുളക്കട ലക്ഷംവീട് ഓട പുനരുദ്ധാരണം, സ്ലാബിടൽ(86/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 4,00,000/- രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ. എസ്. ബൈജു |
| കരാർ | 47/AE/LSGD/KDA/2020-21/ 17-09-2020 |
| അന്തിമ ബിൽ തുക | 3,60,520/- രൂപ, ബിൽ നം. 14, 10-10-2022 |
| കരാർ തുക | 3,56,466/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 4 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 17-09-2020 |

| | |
|---|---|
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 18-06-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 16-01-2021 |
| വൈകിയ കാലയളവ് | 337 ദിവസം (കോവിഡ് കാലം 6 മാസം ഒഴിവാക്കി) |
| ഈടാക്കേണ്ടുന്ന പിഴ | (3,56,466X.1%X337/7) = 17,161/- രൂപ |
| ഈടാക്കിയ പിഴ | |
| ഈടാക്കിയതിൽ കുറവ് വന്ന തുക | 17,161/- രൂപ |

(3)

| | |
|---|---|
| പ്രോജക്ട് | കലയപുരം വിഷ്ണുക്ഷേത്രം കരിമ്പിൻകുഴി റോഡ് സൈഡ് വാൾ (61/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 6,25,000/- രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ. അനിൽകുമാർ |
| കരാർ | 10/AE/LSGD/KDA/2021-22/,30-10-2021 |
| അന്തിമ ബിൽ തുക | 2,91,875/- രൂപ (ബിൽ നം. 18 തീ 20-10-2022 |
| കരാർ തുക | 5,19,133/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 4 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 30-10-2021 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 30-09-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 28-02-2022 |
| വൈകിയ കാലയളവ് | 214 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (5,19,133X.1%X214/7) = 15,871/- രൂപ |
| ഈടാക്കിയ പിഴ | |
| ഈടാക്കിയതിൽ കുറവ് വന്ന തുക | 15,871/- രൂപ |

(4)

| | |
|---|---|
| പ്രോജക്ട് | അഞ്ചുകുളം ഏലാ സംരക്ഷണ ഭിത്തി നിർമ്മാണം (57/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 12,00,000/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| കരാറുകാരൻ | ശ്രീ. സുനിൽ കുമാർ |
| കരാർ | 60/AE/LSGD/KDA/2021-22/,08-03-2022 |
| അന്തിമ ബിൽ തുക | 8,454/- രൂപ (ബിൽ നം. 172 തീ. 16-11-2022) |
| കരാർ തുക | 10,70,550/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 3 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 08-03-2022 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 07-11-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 07-06-2022 |
| വൈകിയ കാലയളവ് | 154 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | 10,70,550X.1%X154/7) =23,552/- രൂപ |
| ഈടാക്കിയ പിഴ | |
| ഈടാക്കിയതിൽ കുറവ് വന്ന തുക | 23,552/- രൂപ |

(5)

| | |
|---|---|
| പ്രോജക്ട് | പൈനംമൂട് കുളത്ത് വയൽ റോഡ് സൈഡ് കെട്ട് (89/23) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| അടങ്കൽ തുക | ₹ 3,60,000/- രൂപ (സംരക്ഷണ ഗ്രാന്റ് റോഡ്) |
| കരാറുകാരൻ | ശ്രീ. ജി. എസ്. അജി കുമാർ |
| കരാർ | 52/AE/LSGD/KDA/2021-22/ 05-11-2021 |
| അന്തിമ ബിൽ തുക | 3,30,244/- രൂപ (ബിൽ നം. 3 തീ. 24-05-2022 |
| കരാർ തുക | 3,21,008/- രൂപ |
| പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം | 4 മാസം |
| പ്രവൃത്തി ആരംഭിച്ച തീയതി | 05-11-2021 |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി | 18-05-2022 |
| കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | 04-03-2022 |
| വൈകിയ കാലയളവ് | 76 ദിവസം |
| ഈടാക്കേണ്ടുന്ന പിഴ | (321,008X.1%X76/7) = 3,485/- രൂപ |
| ഈടാക്കിയ പിഴ | |
| ഈടാക്കിയതിൽ കുറവ് വന്ന തുക | 3,485/- രൂപ |

പിഴ ഈടാക്കാത്തതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-07, തീ 28-10-2023) മറുപടി ലഭ്യമാക്കിയില്ല. 5 പ്രവൃത്തികളിലായി പിഴ ഇനത്തിൽ ഈടാക്കേണ്ട 71,098/- രൂപ ഉത്തരവാദികളിൽനിന്നും ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

**ഓഡിറ്റ് അന്വേഷണം നം – 07/17-11-2023**

## 1-23 എസ്സ് എസ്സ് കെ വിഹിതം നല്കൽ, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

പ്രഥമാധ്യാപകൻ, നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടിനായി എസ്.എസ്.കെ.യ്ക്കുവേണ്ടി ഒടുക്കിയിട്ടുള്ള തുകയുടെ ഭൌതിക സാമ്പത്തിക വിശകലനം, വിശദമായ വിനിയോഗ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് | തുക | ബിൽ നം. |
|---|---|---|---|
| 1 | എസ്സ് എസ്സ് കെ വിഹിതം നല്കൽ (289/23) അടങ്കൽ തുക - 10,00,000, വികസനഫണ്ട്, | 10,00,000 | 3 / 12-12-2022 |
| | ആകെ | 10,00,000 | |

ഭൌതിക സാമ്പത്തിക വിശകലനം, വിശദമായ വിനിയോഗ സാക്ഷ്യപത്രം, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 10,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് അന്വേഷണം – 07/16-11-2023**

**തടസ്സപെടുത്തിയ തുക – 10,00,000/- രൂപ**

## 1-24 കലയപുരത്തെ പുലമൺ തോടിന് സംരക്ഷണ ഭിത്തി – നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് - കലയപുരത്തെ പുലമൺ തോടിന് സംരക്ഷണ ഭിത്തി നിർമ്മാണം (106/23)

അടങ്കൽ തുക – 4,09,500/- രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

കലയപുരത്തെ പുലമൺ തോടിന് സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിന് കൊട്ടാരക്കര മൈനർ ഇറിഗേഷൻ അസി. എഞ്ചിനീയർ 31,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിനല്കുകയും, നിക്ഷേപ പ്രവൃത്തിയായി മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന തന്നെ നിർവ്വഹണം നടത്തുന്നതിനായി 26,90,500 രൂപ 2021-22 ൽ പ്രസ്തുത വകുപ്പിൽ ഒടുക്കുവരുത്തുകയും ചെയ്തു. എസ്റ്റിമേറ്റ് പ്രകാരം അടവാക്കാൻ ബാക്കിയുണ്ടായിരുന്ന 4,09,500 രൂപ 17-05-2022-ൽ ബിൽ നം. 22 പ്രകാരം പിൻവലിച്ച് മൈനർ

ഇറിഗേഷൻ വകുപ്പിൽ ഒടുക്കുവരുത്തി. 19-10-2022ൽ ഗ്രാമ പഞ്ചായത്തും മൈനർ ഇറിഗേഷൻ വകുപ്പും തമ്മിൽ ഏർപ്പെട്ട കരാറിലെ വ്യവസ്ഥ (7) പ്രകാരം എസ്റ്റിമേറ്റ് പ്രകാരമുള്ള ജോലികൾ കഴിയുന്നതും വേഗത്തിൽ ആരംഭിക്കേണ്ടതും, പ്രവൃത്തി ആരംഭിച്ച് 6 മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 08, തീയതി 16-11-2023) മറുപടി ലഭിച്ചില്ല. വിനിയോഗ വിവരം ലഭ്യമല്ലാത്തതിനാൽ 2022-23 ൽ മൈനർ ഇറിഗേഷൻ വകുപ്പിൽ അടവാക്കിയിട്ടുള്ള 4,09,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. – 08/16-11-2023**

**തടസ്സപ്പെടുത്തിയ തുക - 4,09,500 രൂപ**

## 1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന പ്രോജക്ടുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ അടവാക്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | നൽകിയ തുക (രൂപ) | ബിൽ നം. |
|---|---|---|---|---|
| 1 | ടേക്ക് എ ബ്രേക്ക് പദ്ധതിക്കായി കുഴൽ കിണർ (317/23)<br>അടങ്കൽ തുക - 1,70,509/- രൂപ<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | ഭൂജല വകുപ്പ്, കൊല്ലം | 1,15,000 | 60/29-03-2023 |
| 2 | ജില്ലാ ആസൂത്രണ സമിതി മന്ദിരനിർമ്മാണം വിഹിതം നല്കൽ (306/23)<br>അടങ്കൽ തുക - 1,50,000/- രൂപ<br>(തനത് ഫണ്ട്) | ജില്ലാ ആസൂത്രണ ഓഫീസർ, കൊല്ലം | 1,50,000 | ചെക്ക് നം.<br>8756880/27-03-2023 |
| 3 | പഞ്ചായത്ത് ഓഫീസിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി വൈദ്യുതീകരണം (43/23)<br>അടങ്കൽ തുക - 3,00,000/- രൂപ<br>(തനത് ഫണ്ട്) | അസി. എക്സി. എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, വൈദ്യുത ഉപവിഭാഗം, കൊല്ലം | 90,000 | ചെക്ക് നം.<br>032878/12-05-2022 |
| 4 | അംഗനവാടി നം. 61, നിർമ്മാണം, ബ്ലോക്ക് പഞ്ചായത്തിന് വിഹിതം നല്കൽ (315/23)<br>അടങ്കൽ തുക - 3,00,000/-രൂപ<br>(തനത് ഫണ്ട് - 2,00,000,<br>വികസന ഫണ്ട് – 1,00,000) | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | 2,00,000 | ചെക്ക് നം.<br>8756885/27-03-2023 |
| | | ആകെ | 5,55,000 | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 5,55,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് അന്വേഷണം നം. – 08/16-11-2023**

**തടസ്സപ്പെടുത്തിയ തുക – 5,55,000/- രൂപ**

## 1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – അവലോകനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 95,15,25,291/- രൂപ വകയിരുത്തി 167744 തൊഴിൽദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ

പ്രകാരം 135010 തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും വിവിധ പ്രവൃത്തികൾക്കായി 4,81,65,000/- രൂപ ചെലവഴിക്കുകയും ചെയ്തു. 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 705 ആണ്. തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുത്തതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|---|
| 1 | മൺകയ്യാല നിർമ്മാണം | 72 | 72 | - |
| 2 | മഴക്കുഴി നിർമ്മാണം | 9 | 9 | - |
| 3 | കുളം നിർമ്മാണം | 5 | 5 | - |
| 4 | വൃക്ഷത്തൈ നടീൽ | 4 | 4 | - |
| 5 | കാലിത്തൊഴുത്ത് നിർമ്മാണം | 12 | 4 | 8 |
| 6 | ആട്ടിൻകൂട് നിർമ്മാണം | 8 | 3 | 5 |
| 7 | കിണർ നിർമ്മാണം | 11 | 3 | 8 |
| 8 | റോഡ് കോൺക്രീറ്റ് | 4 | 4 | - |
| 9 | ഭവനനിർമ്മാണം | 57 | 51 | 6 |
| 10 | പൌൾട്രി ഷെഡ് | 8 | 3 | 5 |
| 11 | തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ | 12 | 12 | - |
| 12 | കുളം നവീകരണം | 1 | 1 | - |
| 13 | സോക്ക് പിറ്റ് | 12 | 1 | 11 |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതിലക്ഷ്യം കൈവരിക്കാനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-27 അനുമതി സാക്ഷ്യപത്രമില്ലാതെ വിവാഹധനസഹായം നൽകി

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| അസി. സെക്രട്ടറി | വിവാഹധനസഹായം എസ്.സി. (S0172/23) | വികസന ഫണ്ട് (എസ്.സി.പി. ) - 6,00,000/- രൂപ | വികസന ഫണ്ട് (എസ്.സി.പി. ) - 5,25,000/- രൂപ |

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവാഹധനസഹായം എന്ന പദ്ധതി പ്രകാരം ഓരോ ഗുണഭോക്താവിനും 75,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 28.05.22 ലെ സ.ഉ.(കൈ)നം. 115/22, ഉത്തരവിലെ ഖണ്ഡിക 7.2.1 പ്രകാരം വിവാഹത്തിന് 15 ദിവസം മുൻപോ വിവാഹം കഴിഞ്ഞ് 180 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. കാലപരിധി പാലിക്കാത്ത അപേക്ഷകൾ പ്രത്യേകം പരിശോധിച്ച് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടർമാർക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ ചുവടെ പറയുന്ന ഗുണഭോക്താക്കൾക്ക് ജില്ലാകളക്ടറുടെ അനുമതി കൂടാതെ ധനസഹായം നൽകി.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വിവാഹം നടന്ന തീയതി | അപേക്ഷ നൽകിയ തീയതി | നൽകിയ തുക, ബിൽ നം. |
|---|---|---|---|---|
| 1 | ഉഷ എസ്, ചിറ്റുണ്ടിൽ പടിഞ്ഞാറ്റതിൽ | 19.06.20 | 04.07.22 | 75,000, 9/12.09.22 |
| 2 | സീമ ആർ, മുള്ളിക്കാട്ടിൽ താഴത്തേതിൽ | 02.11.21 | 19.05.22 | 75,000, 9/12.09.22 |

| | | | | |
|---|---|---|---|---|
| 3 | ഉഷ സി, ചരുവിള വീട്, | 10.04.22 | 07.02.23 | 75,000, 23/10.02.23 |

കാലപരിധി കഴിഞ്ഞ അപേക്ഷകളിന്മേൽ ജില്ലാകളക്ടറുടെ അനുമതി ഇല്ലാതെ ധനസഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. മതിയായ രേഖകളില്ലാതെ ധനസഹായം നൽകിയതിനാൽ 2,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം. 19 /17.11.23**

**തടസ്സപ്പെടുത്തുന്ന തുക - 2,25,000/- രൂപ**

**1-28 ഹരിതകർമ്മസേന - പ്രവർത്തന അവലോകനം**

19 വാർഡുകളിലായി 38 ഹരിത കർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ നിന്നും മാസം തോറും 50/- രൂപ നിരക്കിലും വാണിജ്യസ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കുന്നത്. വാർഡുകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഗ്രീൻടെക് എക്കോ കൺസൾട്ടൻസി എന്ന സ്വകാര്യ കമ്പനിക്ക് കൈമാറുന്നു. ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിഫോം, ഐ.ഡി കാർഡ്, മറ്റ് സുരക്ഷ ഉപകരണങ്ങൾ എന്നിവ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. 2022-23 ൽ എല്ലാ വാർഡുകളിലും മിനി എം.സി.എഫ് സ്ഥാപിച്ചു. മിനി എം.സി.എഫിൽ നിന്നുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതിനും സംഭരിക്കുന്നതിനുമായി എം.സി.എഫ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും സ്ഥലപരിമിതിയുണ്ട്. നിലവിൽ പുതിയ എം.സി.എഫ്. നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

തരംതിരിച്ച് അജൈവ മാലിന്യം സ്വകാര്യകമ്പനിക്ക് കൈമാറുന്നതിലൂടെ അധികവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് ലഭിക്കുന്നു.

നിലവിൽ 82% യൂസർഫീ കളക്ഷനാണ് ഉള്ളത്. എൻഫോഴ്സ് നടപടികൾ ശക്തമാക്കി ഈ വർഷാവസാനത്തോടെ 100% കളക്ഷനിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു. അതിനായി നോട്ടീസുകൾ വിതരണം ചെയ്യുകയും ഹരിത സഭകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. യൂസർഫീയായി 2023 മാർച്ച് മാസം 2,84,860/- രൂപയാണ് ഹരിത കർമ്മ സേനയ്ക്ക് ലഭ്യമായിട്ടുള്ളത്. ഇതിൽ നിന്നും 10% തുക കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൌണ്ടിൽ നിലനിർത്തി ബാക്കി തുക അംഗങ്ങൾക്ക് വേതനമായി നൽകിയിട്ടുണ്ട്. മാർച്ച് മാസത്തിൽ അംഗങ്ങൾക്ക് കൂടിയ ശമ്പളം 7986/- രൂപയും കുറഞ്ഞ ശമ്പളം 4770 /- രൂപയും നൽകിയിട്ടുണ്ട്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നു. ഒക്ടോബർ 2023 ലെ യൂസർഫീ കളക്ഷൻ 4,00,270/- രൂപയാണ്.

സ.ഉ(സാധാ)നം.1496/2020ത.സ്വ.ഭ.വ തീ. 12.08.2020 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ ഇനം 14 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും യൂസർ ഫീ രസീത്/ഗ്രീൻ കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. 06.01.23 ലെ 41/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 100% യൂസർഫീ ശേഖരിക്കുന്നതിനായി അനുയോജ്യമായ നടപടികൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 01.03.2023 മുതൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഹരിതകർമ്മസേനയുടെ യൂസർഫീ രസീത് നിർബന്ധമാക്കി.

2022-23 ൽ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച് വേർതിരിച്ച് കൈമാറിയ പ്ലാസ്റ്റിക് ഇനങ്ങളിൽ നിന്നായി 4,20,115.42/- രൂപ ലഭിച്ചിട്ടുണ്ട്.

എല്ലാ സ്ഥാപനങ്ങളിലും ക്യൂ ആർ കോഡുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രവർത്തനം മോണിറ്റർ ചെയ്യുന്നു. ഹരിതകർമ്മസേനയുടെ മാലിന്യനീക്കത്തിനായി വാഹനം വാങ്ങി നൽകിയിട്ടുണ്ട്. വേസ്റ്റ് മാനേജ്മെന്റ് പരാതി പരിഹാര പോർട്ടൽ വഴി ഹരിതകർമ്മസേനകൾ വാർഡിൽ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്.

തുടർപ്രവർത്തന നിർദ്ദേശങ്ങൾ

1. ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

3. "മാലിന്യ മുക്ത പഞ്ചായത്ത് "എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി ആവശ്യകത നിർണായക സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്വകാര്യ കമ്പനി ഏറ്റെടുക്കുകയും കരാർവ്യവസ്ഥപ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-29 മരം മുറിച്ച തുക തിരികെ ലഭ്യമായില്ല

കുളക്കട വില്ലേജ് ഓഫീസിന് സമീപം കെ.ഐ.പി. യുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ അപകടകരമായി നിന്ന കാറ്റാടി മരം അടിയന്തിര സാഹചര്യത്തിൽ മുറിച്ചു മാറ്റിയതിന് കൂലിയിനത്തിൽ 5,000/- രൂപ (ചെക്ക് നം. 330283/12.07.22) ചെലവഴിച്ചിട്ടുണ്ട്. മുറിച്ചു മാറ്റിയ തടി കൊട്ടാരക്കര കെ.ഐ.പി. കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ മരം മുറിക്കുന്നതിന് ചെലവഴിച്ച തുക കെ.ഐ.പി. യിൽ നിന്നും തിരികെ ലഭ്യമായില്ല. തുക തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 21/18.11.23**

## 1-30 MCF ലേക്ക് പ്ലാസ്റ്റിക് വേസ്റ്റ് നീക്കം ചെയ്യൽ - ക്വട്ടേഷൻ ക്ഷണിക്കാതെ വാഹനവാടക അനുവദിച്ചു

ഹരിത കർമ്മ സേനാംഗങ്ങൾ 19 വാർഡുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് വേസ്റ്റുകൾ ശേഖരിച്ച് കുളക്കടയിൽ സ്ഥാപിച്ചിട്ടുള്ള എംസിഎഫിൽ എത്തിക്കുന്നതിലേക്കായി വാഹന വാടക നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം./ തീയതി | തുക, | ചെക്ക് നം./ തീയതി | കിമീ | നിരക്ക് | വാഹന ഉടമയുടെ പേര് |
|---|---|---|---|---|---|
| 22200057/ 11.04.22 | 1770 | 032768/ 11.4.22 | 59 | 30 | ശ്രീ. അഭിലാഷ് എം.എ. |
| 22200208/ 07.05.22 | 5100 | 032874/ 07.05.22 | 170 | 30 | " |
| 22200208/ 07.05.22 | 3900 | 032874/ 07.05.22 | 130 | 30 | " |
| 22200325/ 04.06.22 | 3420 | 01307/22.06.22 | 114 | 30 | " |
| 22200366/30.06.22 | 4800 | 01321/30.06.22 | 160 | 30 | " |
| 22200437/ 29.07.22 | 2700 | 01345/ 29.07.22 | 90 | 30 | " |
| 22200437/ 29.07.22 | 2340 | 01345/ 29.07.22 | 78 | 30 | " |

| | | |
|---|---|---|
| ആകെ | | 24,030/- രൂപ |

തദ്ദേശസ്വയംഭരണവകുപ്പിന്റെ സ.ഉ(സാ.ധാ.)നം.1496/2020, തീ. 12.08.2020 നമ്പർ പ്രകാരമുള്ള ഹരിതകർമസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം, ഹരിത കർമ്മ സേനയ്ക്ക് വാഹന സൌകര്യം ഒരുക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയാണ്. വാഹനം വാങ്ങി നൽകുകയോ വാടകയ്ക്ക് എടുത്ത് നൽകുകയോ ചെയ്യാവുന്നതാണ്. എന്നാൽ ക്വട്ടേഷൻ ക്ഷണിക്കാതെയാണ് മേൽപ്രകാരം വാഹനം വാടകയ്ക്ക് എടുത്ത് തുക നൽകിയിട്ടുള്ളത്. കിലോമീറ്ററിന് 30/- രൂപ നിരക്കിൽ തൻവർഷം വാടക നൽകിയിട്ടുണ്ട്. വാടകനിരക്ക് നിശ്ചയിച്ചത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമല്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട്നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വാഹന വാടക ക്വട്ടേഷൻ ക്ഷണിക്കാതെ അനുവദിച്ചത് ചട്ടവിരുദ്ധമാണ്. ഇപ്രകാരമുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 22/18.11.23**

**1-31 ഇൻഷുറൻസ് രേഖകൾ ഹാജരാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കിയില്ല.**

ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളിൽ അംഗീകരിച്ച ടെണ്ടർ സംബന്ധിച്ച വിവരം ബന്ധപ്പെട്ട കരാറുകാരനെ അറിയിക്കുന്ന കത്തിലെ (Letter Of Acceptance) വ്യവസ്ഥ 6 പ്രകാരം അംഗീകരിച്ച കരാറുകാരൻ ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടതാണ്. ഇപ്രകാരം ചെയ്യാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ 0.2% തുക കുറവ് വരുത്തുന്നതുമാണ്. എന്നാൽ താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളിൽ ഇൻഷ്വറൻസ് രേഖകൾ ഹാജരാക്കുകയോ പിഴ തുക ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | കരാറുകാരൻ | കരാർ തുക (രൂപ) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|
| 1 | അറപ്പുര മണ്ണാർക്കുളം റോഡ് സൈഡ് കെട്ട് (257/23) | ശ്രീ. സി. വി ബിൻദൻ | 4,24,493 | 849 |
| 2 | മഹാവിഷ്ണു ക്ഷേത്രം വഞ്ചിഭാഗം റോഡ് സൈഡ് കെട്ട് (226/23) | ശ്രീ. എസ് സന്ദീപ് | 4,56,870 | 914 |
| 3 | തുരുത്തീലമ്പലം മാർക്കറ്റ് പുനരുദ്ധാരണം (232/23) | ശ്രീ. വി. അനിൽകുമാർ | 1,68,713 | 337 |
| 4 | പൈനമൂട് ജംഗ്ഷൻ മലപ്പാറ റോഡ് പുനരുദ്ധാരണം (235/23) | ശ്രീ. അനിരുദ്ധ കുമാർ | 1,06,134 | 212 |
| 5 | കോമളത്ത് ഭാഗം കര്യാപ്ര റോഡ് പുനരുദ്ധാരണം (373/23) | ശ്രീ. ജേക്കബ് കുഞ്ഞ്കുഞ്ഞ് | 2,35,125 | 470 |
| 6 | താഴത്തു കുളക്കട ഡി വി എൽ പിഎസ് പുനരുദ്ധാരണം (211/23) | ശ്രീ. വി. അനിൽകുമാർ | 1,98,339 | 397 |
| 7 | വടക്കേവീട്ടിൽ ഭാഗം റോഡ് പുനരുദ്ധാരണം (244/23) | ശ്രീ. അനിരുദ്ധ കുമാർ | 1,89,781 | 380 |
| 8 | ഫാക്ടറി ജംഗ്ഷൻ മല്ലശ്ശേരി കൊടക്കുമേലതിൽ ഭാഗം (294/23) | ശ്രീ. ബി. ഗോപകുമാർ | 2,22,818 | 446 |
| 9 | നിലയ്ക്കൽഭാഗം റോഡ് സൈഡ് കെട്ട് (218/23) | ശ്രീ. വി. അനിൽകുമാർ | 4,94,831 | 990 |
| | | | ആകെ | 4995 |

പിഴ ഈടാക്കിയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 23 /18.11.2023

**1-32 മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ**

(1) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മിക്ക പ്രവൃത്തികളും കരാർപ്രകാരമുള്ള കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാതെ സ്പിൽ ഓവർ പ്രവൃത്തികളായി മാറുന്നു. തൻവർഷം സ്പിൽഓവർ പ്രവൃത്തികൾ ഉൾപ്പെടെ 5,04,06,313/- രൂപയുടെ അടങ്കൽതുകയുടെ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 2,16,08,651/- രൂപ മാത്രമേ ചെലവഴിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. (ചെലവ് ശതമാനം – 42.8)

2) ഇൻഷ്വറൻസ് പോളിസി എടുക്കുന്നില്ല.

കരാറുകാർ ഇൻഷ്വറൻസ് കവറേജ് എടുക്കാതെ മിക്ക പ്രവൃത്തികളിലും പിഴ ഒടുക്കുകയാണ് ചെയ്തിരിക്കുന്നത്. ഇത് ഇൻഷ്വറൻസ് കവറേജ് എടുക്കേണ്ടതിന്റെ ലക്ഷ്യത്തിന് വിരുദ്ധമാണ്. കരാറുകാരെക്കൊണ്ട് ഇൻഷ്വറൻസ് പോളിസി തന്നെ എടുപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല.

1-03-2023ൽ നിർമ്മാണം പൂർത്തീകരിച്ച അറപ്പുര മണ്ണാർക്കുളം റോഡ് സൈഡ് കെട്ട്(257/23), അറപ്പുര മണ്ണാർക്കുളം റോഡ് സെക്കന്റ് റീച്ച് (301/23) എന്നീ പ്രവൃത്തികളുടെ ഐറിഷ് ഡ്രയിൻഭാഗം പൊട്ടിപ്പൊളിഞ്ഞു പോയതായി 12-05-2023 ൽ അസി. എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനെ കത്തിലൂടെ അറിയിച്ചിരിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും, മോണിറ്ററിംഗ് സമിതിയുടെ പ്രവർത്തനം ഫലപ്രദമണെന്ന് ഉറപ്പാക്കേണ്ടതുമാണ്.

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിപ്പിക്കുവാനും, പരമാവധി പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം അവലംബിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റി, വികസനകാര്യ സ്ഥിരം സമിതി എന്നിവരുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

**1-33 മരുന്നുകൾ, പാലിയേറ്റീവ് ഉപകരണങ്ങൾ എന്നിവ പൂർണമായും ലഭ്യമായില്ല.**

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി KMSCL ന് നൽകിയെങ്കിലും മരുന്നുകൾ, പാലിയേറ്റീവ് ഉപകരണങ്ങൾ, ഡയപ്പറുകൾ എന്നിവ പൂർണമായും ലഭ്യമായില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | പ്രോജക്ട് അടങ്കൽ | പ്രോജക്ട് ചെലവുതുക (രൂപ) | ബിൽ നം./തീയതി | മരുന്നു വാങ്ങലിനായി നൽകിയ തുക (രൂപ) | മരുന്നുലഭിക്കാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|---|---|
| 9/22-23 പാലിയേറ്റീവ് കെയർ | 1514120/- (വികസനഫണ്ട് ജനറൽ814120) (തനത് ഫണ്ട് 700000) | 14,61,963/-(വികസനഫണ്ട് ജനറൽ – 7,62,001/-) (തനത് ഫണ്ട് – 6,99,962/-) | ചെക്ക് നം 0004767/20.12.22 PF Invoice PRF2371/18.11.22, PRF2368/18.11.22 | 6,99,962/- | 4,87,145/- |
| | | | ബിൽ നം 23/22 7.2.23 PRF3884/25.1.23 | 1,25,333/- | 39,787/- |
| | | | ബിൽ നം 27/22 PRF4797/25.2.23 | 48,421/- | 24,917/- |
| | | | ബിൽ നം 33/22 PRF5690/24.3.23 | 1,19,784/- | 1,19,784/- |

| | | | | | |
|---|---|---|---|---|---|
| 305/22-23 ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ | 109652/- ഹെൽത്ത് ഗ്രാന്റ് | 1,09,652/- | Transaction ID- CPSMS_C03239 3055354 Ref. No. 112009259296 | 88,571/- | 88,571/- |
| ആകെ 7,60,204/- | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നാളിതുവരെ ലഭ്യമാകാത്ത മരുന്നുകൾ, പാലിയേറ്റീവ് ഉപകരണങ്ങൾ, ഡയപ്പറുകൾ എന്നിവയ്ക്ക് നൽകിയ 7,60,204/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 10/17.11.2023**

**തടസ്സപ്പെടുത്തിയ തുക – 7,60,204/- രൂപ**

**1-34 ഹോംകോയിൽ നിന്നും മരുന്നുകൾ പൂർണമായും ലഭ്യമായില്ല.**

മെഡിക്കൽ ഓഫീസർ, ഹോമിയോ നിർവ്വഹണ ഉദ്യേഗസ്ഥയായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ഹോംകോയ്ക്ക് മുൻകൂർ തുക നൽകിയെങ്കിലും മരുന്നുകൾ, പൂർണമായും ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | പ്രോജക്ട് അടങ്കൽ (രൂപ) | പ്രോജക്ട് ചെലവുതുക (രൂപ) | ബിൽ നം./തീയതി | മരുന്ന വാങ്ങലിനായി നൽകിയ തുക (രൂപ) | മരുന്നലഭിക്കാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|---|---|
| 7/22-23 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 5,00,000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 5,00,000/- | UTR RBI0582316818255/ 25.02.23 | 5,00,000/- | 2,40,412/- |
| ആകെ 2,40,412/- രൂപ | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ സംബന്ധിച്ച വിവരം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മുൻകൂറായി നൽകിയിട്ടും നാളിതുവരെ ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 2,40,412/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് മറുപടി ലഭ്യമാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 2/15.11.2023**

**തടസ്സപ്പെടുത്തിയ തുക – 2,40,412/- രൂപ**

**1-35 വയോജനങ്ങൾക്ക് കട്ടിൽ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.**

പ്രോജക്ട് നം. 133/23

അടങ്കൽ - 1,36,912/- രൂപ (വികസനഫണ്ട്)

2,76,338/- ( തനതുഫണ്ട്)

ചെലവ് - 1,36,912/- രൂപ (ബിൽ നം. 26/31.3.23

27, 088/- രൂപ (ചെക്ക് നം. 0004149/29.3.23)

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് പ്രകാരം കട്ടിൽ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്കായ 3,980/- രൂപ രേഖപ്പെടുത്തിയ എം.എച്ച് ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഫോറസ്റ്റ് ഓഫീസറുടെ

ഗുണനിലവാര പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒഴിവാക്കി. രണ്ടാമത്തെ കുറഞ്ഞ നിരക്ക രേഖപ്പെടുത്തിയ ശ്രീ. അസീൻ മുഹമ്മദ്, മൂലേച്ചാലിൽ വീട് എന്ന വ്യക്തിയുടെ 4,000/- രൂപ ക്വോട്ടു ചെയ്ത ടെണ്ടർ പരിഗണിക്കാതെ 4,100/- രൂപ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സേതു. റ്റി, കൈപ്പള്ളിൽ ഇൻഡസ്ട്രീസ് എന്നയാളിൽ നിന്നും കട്ടിലിന്റെ സാമ്പിൾ ഹാജരാക്കുന്നതിന് കത്തു നൽകാൻ 24.12.22 ലെ 21(1) നം. തീരുമാന പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപ്പെടുത്തി. ഫോറസ്റ്റ് റെയിഞ്ച് ഓഫീസറുടെ ഗുണനിലവാര പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി ടെണ്ടർ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ആയതു പ്രകാരം 40 കട്ടിലുകൾ 4,100/-രൂപ നിരക്കിൽ 1,64,000/- രൂപയ്ക്ക് വാങ്ങി. രണ്ടാമത്തെ കുറഞ്ഞ നിരക്ക ക്വോട്ടു ചെയ്ത 4,000/- രൂപയുടെ ടെണ്ടർ ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കുന്നതിനായി നൽകിയ എൻക്വയറിക്ക് ടിയാൻ സമർപ്പിച്ച ടെണ്ടറിൽ തേക്കുമരം (മീഡിയം) എന്ന രേഖപ്പടുത്തിയിരുന്നുവെന്നുംആയത് ടെണ്ടർ നടപടികൾക്ക് വിരുദ്ധമായിട്ടുള്ളതാണെന്നും മറുപടി ലഭ്യമാക്കി. എന്നാൽ രണ്ടാമത്തെ കുറഞ്ഞ നിരക്ക രേഖപ്പെടുത്തിയ ശ്രീ. അസീൻ മുഹമ്മദ് എന്ന വ്യക്തിയുടെ 4,000/- രൂപ ക്വോട്ടു ചെയ്ത ടെണ്ടർ പരിഗണിക്കാതെയും സാമ്പിൾ ഹാജരാക്കുന്നതിന് ടിയാന് കത്തു നൽകാതെയും പദ്ധതി നടപ്പാക്കിയത് നിർവ്വഹണത്തിലെ അപാകതയാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും നിർവ്വഹണത്തിൽ ഭരണ സമിതി, പ്രൊക്യൂർമെന്റ് കമ്മിറ്റി, നിർവ്വഹണോദ്യോഗസ്ഥർ എന്നിവർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 17/17.11.2023

## 1-36 ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നില്ല

ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ള തുകകൾ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല. ഇ-ടെണ്ടർ നടപടികൾ ആരംഭിച്ചതുമുതൽ പ്രസ്തുത ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിൽ ഇതുവരെ ക്രെഡിറ്റ് ചെയ്തിട്ടുള്ള തുകകൾ, ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം (നം. 11, തീ 17-11-2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സി എഞ്ചിനീയറുടെ അക്കൗണ്ടിൽ അടവാക്കിയിട്ടുള്ള തുകകൾ ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് കമ്മിറ്റി, ധനകാര്യ സ്ഥിരം സമിതി എന്നിവരുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-37 ലൈഫ് ഭവന പദ്ധതി - ഭൂമി രജിസ്ട്രേഷന് അധികം തുക ചെലവഴിച്ചു.

പ്രോജക്ട് - ലൈഫ് ഭവന പദ്ധതിക്ക് ഭൂമി രജിസ്ട്രേഷൻ സംബന്ധിച്ച ചെലവ് തുക (46/23)

അടങ്കൽ തുക - 4,00,000/- രൂപ (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ലൈഫ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ വസ്തുവിൽ നിന്നും ഭൂരഹിത ഭവന രഹിതരായ 26 ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് 3 സെന്റ് വീതം വസ്തു നല്കുന്നതിന് രജിസ്ട്രേഷൻ സംബന്ധിച്ച ചെലവുകൾക്കായി 26 X 12,200 = 3,17,200 രൂപ ചെക്ക് നം. 4322818/21-05-2022 പ്രകാരം പിൻവലിച്ച് ശ്രീ. തുളസീധരൻ എന്ന വ്യക്തിക്ക് നല്കി. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രീമതി ബീനാ സാം, ഏറത്തുകുളക്കട പനച്ചിവിള കിഴക്കേതിൽ എന്ന ഗുണഭോക്താവിന്റെ പേരിൽ വസ്തു രജിസ്റ്റർ ചെയ്തിട്ടില്ല എന്നു കണ്ടു. പ്രസ്തുത ഗുണഭോക്താവിന്റെ പേരിൽ കൂടി വസ്തു രജിസ്റ്റർ ചെയ്തു നല്കുന്നതിനാണ് തുക നല്കിയിട്ടുള്ളത്. ആയതിനാൽ ടി ഗുണഭോക്താവിന്റെ പേരിൽ വസ്തു രജിസ്റ്റർ ചെയ്തു നല്കുന്നതിനായി നല്കിയ 12,200 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല.

**നിരാകരിച്ച തുക - 12,200 രൂപ**

**ഓഡിറ്റ് അന്വേഷണം നം. 24, തീ 18-11-2023**

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പദ്ധതി മാർഗ്ഗരേഖ പ്രകാരം അർഹരല്ലാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| അസി. സെക്രട്ടറി | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്. (S0173/23) | വികസന ഫണ്ട് (എസ്.സി.പി. ) – 2,00,000/- രൂപ | വികസന ഫണ്ട് (എസ്.സി.പി. ) – 1,90,000/- രൂപ |

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം പ്ലസ് വൺ വിദ്യാർത്ഥിനിയായ നയന സുന്ദർ, നയനം, വെണ്ടാർ എന്ന വിദ്യാർത്ഥിനിയ്ക്ക് ബിൽനം. 48/31.03.23 പ്രകാരം 10,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 28.05.22 ലെ സ.ഉ.(കൈ)നം. 115/22 ത.സ്വ.ഭ.വ. പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.2.4 പ്രകാരം സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ വിഭാഗത്തിൽ പ്ലസ് വൺ, പ്ലസ് ടു, വിദ്യാർത്ഥികൾ ഉൾപ്പെടുന്നില്ല. ഉത്തരവിന് വിരുദ്ധമായി സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയ ഇനത്തിൽ 10,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം. 18 /17.11.23**

**നിരാകരിക്കുന്ന തുക – 10,000/- രൂപ**

### 3-2 ലൈഫ് ഭവന പദ്ധതിക്ക് ഭൂമി രജിസ്ട്രേഷന് അധികം തുക ചെലവഴിച്ചു.

പ്രോജക്ട് - ലൈഫ് ഭവന പദ്ധതിക്ക് ഭൂമി രജിസ്ട്രേഷൻ സംബന്ധിച്ച ചെലവ് തുക (46/23)

അടങ്കൽ തുക - 4,00,000/- രൂപ (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ലൈഫ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് വിലയ്ക്ക് വാങ്ങിയ വസ്തുവിൽ നിന്നും ഭൂരഹിത ഭവന രഹിതരായ 26 ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് 3 സെന്റ് വീതം വസ്തു നല്കുന്നതിന് രജിസ്ട്രേഷൻ സംബന്ധിച്ച ചെലവുകൾക്കായി 26 X 12,200 = 3,17,200 രൂപ ചെക്ക് നം. 4322818/21-05-2022 പ്രകാരം പിൻവലിച്ച് ശ്രീ. തുളസീധരൻ എന്ന വ്യക്തിക്ക് നല്കി. ഇതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രീമതി ബീനാ സാം, ഏറത്തുകുളക്കട പനച്ചിവിള കിഴക്കേതിൽ എന്ന ഗുണഭോക്താവിന്റെ പേരിൽ വസ്തു രജിസ്റ്റർ ചെയ്തിട്ടില്ല എന്നു കാണുന്നു. പ്രസ്തുത ഗുണഭോക്താവിന്റെ പേരിൽ കൂടി വസ്തു രജിസ്റ്റർ ചെയ്തു നല്കുന്നതിനാണ് തുക നല്കിയിട്ടുള്ളത്. ആയതിനാൽ ടി ഗുണഭോക്താവിന്റെ പേരിൽ വസ്തു രജിസ്റ്റർ ചെയ്തു നല്കുന്നതിനായി നല്കിയ 12,200 രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കിയിട്ടില്ല.

**നിരാകരിച്ച തുക - 12,200 രൂപ**

**ഓഡിറ്റ് അന്വേഷണം നം. 24, തീ 18-11-2023**

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 14/11/2023 | കെ.എസ്.എ.കെ.എൽ.എം.പി.11/1947/2023 21.12.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,04,264 | അനുപൂരക പോഷകാഹാരം (പ്രോജക്ട് നം. 3/23) | 3,04,264 | - |
| | | 2,29,500 | നെൽക്കൃഷി വികസനം-ഞങ്ങളും കൃഷിയിലേക്ക് (പ്രോജക്ട് നം. 171/23) | 2,29,500 | |
| | | 4,00,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 130/23) | 4,00,000 | - |
| | | 28,80,000 | ലൈഫ് മിഷൻ -രണ്ടാം ഘട്ടം-ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം -ജനറൽ (പ്രോജക്ട് നം. 123/23) | 28,80,000 | |
| | | 11,20,000 | ലൈഫ് മിഷൻ-എസ്.സി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനം (പ്രോജക്ട് നം. 51/23) | 11,20,000 | - |
| | | 1,68,970 | ലൈഫ്-SCഅഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനം (പ്രോജക്ട് നം. 278/23) | 1,68,970 | - |
| | | 6,00,000 | പാലിന് സബ്സിഡി (പ്രോജക്ട് നം. 160/23 | 6,00,000 | |
| ജില്ലാ പഞ്ചായത്ത് | 2022-23 | 16,00,000 | ലൈഫ് മിഷൻ -രണ്ടാം ഘട്ടം-ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം -ജനറൽ (പ്രോജക്ട് നം. 123/23) | 16,00,000 | - |
| | | 1,00,000 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 3/23) | 1,00,000 | - |
| | | 43,407 | അനുപൂരക പോഷകാഹാരം-ജനറൽ (പ്രോജക്ട് നം. 3/23) | 43,407 | |
| | | 1,00,000 | അനുപൂരക പോഷകാഹാരം-എസ്സ്.സി.പി (പ്രോജക്ട് നം. 5/23) | 1,00,000 | - |
| | | 80,000 | ലൈഫ് മിഷൻ-എസ്.സി ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനം (പ്രോജക്ട് നം. 51/23) | 80,000 | - |
| | | 80,000 | ലൈഫ് മിഷൻ -രണ്ടാം ഘട്ടം-ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണം | 80,000 | |

| | | | | | |
|---|---|---|---|---|---|
| | | | (പ്രോജക്ട് നം. 48/23) | | |

## 4-3 നിക്ഷേപപ്രവൃത്തിക്ക നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 101/29.8.22<br>176/23.11.22<br>260/3.1.23<br>389/20.2.23 | 1,08,088/-<br>26,21,000/-<br>9,44,899/-<br>41,912/- | - | |
| | പോസ്റ്റ് ഷിഫ്റ്റിംഗ് | 4/30.4.22<br>5/30.4.22<br>113/17.9.22<br>615/30.3.23<br>179/23.11.22 | 5,530/-<br>7,853/-<br>33,326/-<br>60,441/-<br>18,018/- (ടി ചെലവ് സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല) | | 1,07,150/- |
| ജലസേചനവകുപ്പ് | കലയപുരം -പുലമൺ തോട് സംരക്ഷണഭിത്തി നിർമ്മാണം | 22/17.5.22 | 4,09,500 | | 4,09,500 |
| ഭൂജലവകുപ്പ് | ടേക്ക് എ ബ്രേക്ക്- കുഴൽക്കിണർ നിർമ്മാണം | 599/29.3.23 | 1,15,000 | | 1,15,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 14,00,000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| HUDCO | ലഭ്യമല്ല. | 14,00,000/- | 37,06,720/- | 22,28,494/- | - | 28,78,226/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5,000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5,000/- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2800/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2019-20 | 1-14 | 1,000/- | ശ്രീ. രാധാകൃഷ്ണൻ | 1220700620<br>27/08/2022 |
| 2020-21 | 1-20 | 900/- | ശ്രീമതി ബിന്ദു | 1220700882<br>26/09/2022 |
| 2020-21 | 1-20 | 900/- | ശ്രീമതി ബിന്ദു | 1220700883<br>26/09/2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 2-3 | 2015-16 | | കാർഷിക യന്ത്രവത്കരണം ലക്ഷ്യം നേടിയില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2010-11 | 3-9 | 2012-13 | | കുളക്കട പട്ടികജാതി സർവ്വീസ് സൊസൈറ്റിക്ക് പേപ്പർബാഗ് നിർമ്മാണ യൂണിറ്റ് പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2014-15 | 3-2 | 2016-17 | | പുത്തൂർ മാർക്കറ്റ് നവീകരണവും ഓപ്പൺ സ്റ്റാളും ഉടമസ്ഥാവകാശം ഉറപ്പ് വരുത്തിയില്ല. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10,000/- | ശ്രീ. ഗിഫ്റ്റി, അസി. സെക്രട്ടറി |
| 3-2 | | 12,200/- | ശ്രീ. സുജിത് കുമാർ. വി, സെക്രട്ടറി |

| | | | |
|---|---|---|---|
| 1-22 | | 36,517/- | ശ്രീമതി പ്രീത, അസി. എഞ്ചിനീയർ |
| | | 34,581/- | ശ്രീ. ജയകുമാർ, അസി. എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 7,23,559/- | ഡോ. രാജീവ്, വെറ്ററിനറി സർജൻ |
| 1-23 | 10,00,000/- | ശ്രീ. ഉദയകുമാർ. എൻ, ഹെഡ്മാസ്റ്റർ |
| 1-24 | 4,09,500 /- | ശ്രീമതി. പ്രീത, അസി. എൻജിനീയർ |
| 1-25 | 5,55,000/- | ശ്രീ. സുജിത് കുമാർ. വി, സെക്രട്ടറി |
| 1-27 | 2,25,000/- | ശ്രീ. ഗിഫ്റ്റി, അസി. സെക്രട്ടറി |
| 1-33 | 7,60,204/- | ഡോ. ശോഭ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-34 | 2,40,412/- | ഡോ. ഷീബ, മെഡിക്കൽ ഓഫീസർ, ഹോമിയോ |

**(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സുജിത്ത് കുമാർ.വി,<br>സെക്രട്ടറി | സെക്രട്ടറി,<br>കുളക്കട ഗ്രാമപഞ്ചായത്ത് | സുജിത്ത് ഭവനം,<br>ചെറുപൊയ്ക. പി. ഒ,<br>പവിത്രേശ്വരം |
| ഡോ. രാജീവ്,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>മൈലം ഗ്രാമപഞ്ചായത്ത് | പഴിഞ്ഞിയിൽ വീട്,<br>കോട്ടാത്തല. പി. ഒ,<br>കൊട്ടാരക്കര |
| ശ്രീ. ഗിഫ്റ്റി,<br>അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കുളക്കട ഗ്രാമപഞ്ചായത്ത് | മണപ്പൊയ്കയിൽ,<br>ചാപ്രയിൽ, പടപ്പക്കര. പി. ഒ. |
| ശ്രീ. ഉദയകുമാർ. എൻ,<br>ഹെഡ്മാസ്ററർ | റിട്ടയേർഡ് | ശ്രീശൈലം,<br>മഠത്തിനാപ്പുഴ, മാവടി. പി. ഒ. |
| ശ്രീമതി. പ്രീത,<br>അസി. എൻജിനീയർ | അസി. എൻജിനീയർ,<br>താമരക്കുളം ഗ്രാമപഞ്ചായത്ത് | തുളസീദളം,<br>മനക്കര, ശാസ്താംകോട്ട |
| ഡോ. ശോഭ. കെ,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി | സി.എച്ച്.സി,<br>കുളക്കട | ഷൺമുഖപ്രിയം, മേരാനഗർ-31 എ,<br>മുണ്ടയ്ക്കൽ ഈസ്റ്റ്, കൊല്ലം |
| ഡോ. ഷീബ,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | ഹോമിയോ ആശുപത്രി,<br>കുളക്കട | സൌപർണ്ണിക, സന്തോഷ് നഗർ,<br>ആനന്ദപ്പള്ളി |

**4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1995-96 | കെ.എസ്.എ/കെ.എൽ.എം/പി-11-399(3)/23-02-2018 |
| 1996-98 | കെ.എസ്.എ/കെ.എൽ.എം/പി-11-399(4)/23-02-2018 |
| 1998-99 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 1999-00 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2000-01 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2001-02 & 2002-03 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2003-04 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2004-05 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2005-06 | എൽ.എഫ്.ക്യൂ/പി-3/1363/14/24-06-2014 |
| 2006-07 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2007-08 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2008-09 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2009-10 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2010-11 | കെ.എസ്.എ/കെ.എൽ.എം/പി-11-744/19/31-03-2019 |
| 2011-12 & 2012-13 | കെ.എസ്.എ/കെ.എൽ.എം/പി-11-അദാലത്ത്/2011-12 &12-13/1584 19-08-2022 |
| 2013-14 & 2014-15 | കെ.എസ്.എ/കെ.എൽ.എം/പി-11-അദാലത്ത്/2013-14 &14-15/1584 19-08-2022 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-11-അദാലത്ത്/2015-16/1584 19-08-2022 |
| 2016-17 | കെ.എസ്.എ/കെ.എൽ.എം/പി-11-1959/2017/22-12-2017 |
| 2017-18 | കെ.എസ്.എ/കെ.എൽ.എം/പി-11-221/19/12-04-2019 |
| 2018-19 | കെ.എസ്.എ/കെ.എൽ.എം/പി.11/391/2020/17/06/2020 |
| 2019-20 | കെ.എസ്.എ/കെ.എൽ.എം/പി.11/1715/2021/31/05/2022 |
| 2020-21 | കെ.എസ്.എ/കെ.എൽ.എം/പി.11/1714/2021/16-07-22 |
| 2021-22 | കെ.എസ്.എ/കെ.എൽ.എം/പി.11/2041/22/ 29.03.23 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number IX(1) dated 22-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kulakkada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kulakkada Grama Panchayat for the year 2022-2023

**Date: 21/12/2023**

**Deputy Director**
**District Office Kollam**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kulakkada Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit

Comments relating to Ratios
Comments relating to Notes to account

2. Amount not paid from treasury has not been excluded from web saankhya ACR

3. Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
4. The Expenditure of CFC-Tied &Untied does not match with AFS.

5. The Receipt of CFC-Tied does not match with AFS.
6. The Expenditure of Suchitwa Mission does not match with AFS.
7. Registers are not maintained properly-Loan Repayment Register
8. Cheque issued but not Credited.
9. Investment Register &Share certificate not produced for verification.
10. Reconciliation Statement not produced for verification.
11. Advance to implementing agencies not included in AFS.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**3**

**അനുബന്ധം-3**

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്